# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 100 28.05.2019- ൽ മറുപടിയ്ക്ക്

### ലോക കേരളസഭയുടെ കേന്ദ്രം

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോക കേരളസഭയുടെ കേന്ദ്രം മാവേലിക്കരയിൽ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; | എ) & ബി) | കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചു കൊണ്ട് കേരളീയ പ്രവാസി കാര്യ വകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിലുള്ള 5 ഏക്കർ സ്ഥലത്ത് പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിനും ആയതിലേക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | | |
| സി) | ലോക കേരള സഭയുടെ കേന്ദ്രത്തിന്റെ നിർമ്മാണം ഈ സാമ്പത്തികവർഷം ആരംഭിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | പാരിസ്ഥിതികമായ വൈവിധ്യം നിലനിർത്തി സ്ഥലം സജ്ജീകരിക്കാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കുക, സ്ഥലം കോമ്പൗണ്ട് തിരിച്ച് മതിൽകെട്ടി ഗേറ്റ് ഇടുക, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക എന്നിവയായിരിക്കും ഈ സാമ്പത്തിക വർഷം നടത്തുന്ന പ്രവൃത്തികൾ. |

സെക്ഷൻ ഓഫീസർ